# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2177 18.3.2015 -ൽ മറുപടിയ്ക്ക്

ചോദ്യം - ഉത്തരം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

### ബജറ്റിൽ വകയിരുത്തിയ തുക

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വൈദ്യുത പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയായിരുന്നു; അതിൽ എത്ര തുക ഇതുവരെ ചെലവഴിക്കുകയുണ്ടായി ; | 2014-15 -ലെ ബഡ്ജറ്റിൽ വൈദ്യുത പദ്ധതികൾ ഉൾപ്പെടെ ഊർജ്ജ മേഖലയ്ക്കായി വകയിരുത്തിയ പദ്ധതി വിഹിതം (കെ. എസ്.ഇ.ബി യുടെ ആഭ്യന്തര വിഭവമുൾപ്പെടെ) 1370.04 കോടി രൂപയാണ്. ആസൂത്രണ സാമ്പത്തിക കാര്യ ( സി.പി.എം.യു) വകുപ്പിന്റെ പ്രതിമാസ പദ്ധതി അവലോകന റിപ്പോർട്ട് പ്രകാരം മേൽ വിഹിതത്തിൽ നിന്നും 2015-ജനുവരി 31 വരെ 654.81 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി) | പെൻഷനും പലവകയും എന്ന ധനാഭ്യർത്ഥനയിൽ വകയിരുത്തിയ തുക എത്ര; ഇതുവരെ ചെലവഴിച്ചത് എത്ര; | 2014-15 സാമ്പത്തിക വർഷത്തിൽ, XVI-പെൻഷനും പലവകയും എന്ന ധനാഭ്യർത്ഥനയിൽ 14404.72 കോടി രൂപ വകയിരുത്തിയതിൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 31 ജനുവരി 2015- വരെയുള്ള പ്രാരംഭ കണക്ക് പ്രകാരം ആകെ 11879 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | നഗര വികസനത്തിനായി വകയിരുത്തിയ തുക എത്ര; ഇതുവരെ ചെലവഴിച്ച തുക എത്ര; വ്യക്തമാക്കാമോ? | 2014-15 സാമ്പത്തിക വർഷം നഗരവികസനം എന്ന ധനാഭ്യർത്ഥനയിൽ പദ്ധതി - പദ്ധതിയേതരയിനത്തിൽ 1315.18 കോടി രൂപ (പദ്ധതി - 1279.02 കോടി രൂപ, പദ്ധതിയേതരം- 36.16 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31 ജനുവരി 2015 വരെയുള്ള പ്രാരംഭ കണക്കു പ്രകാരം 180.73 കോടി രൂപ (പദ്ധതി -116.23 കോടി രൂപ, പദ്ധതിയേതരം- 64.50 കോടി രൂപ) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ